**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# KEAM-2017

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ ലഭിച്ച അഡ്മിഷൻ ആവശ്യമില്ലെങ്കിൽ റദ്ദ് ചെയ്യുന്നതിനുള്ള സൗകര്യം

2017-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ കേന്ദ്രീകൃത അലോട്ട്മെന്റിന്റെ രണ്ടാം ഘട്ടത്തിനുശേഷം അലോട്ട്മെന്റ് ലഭിച്ച എല്ലാ വദ്യാർത്ഥികളും അതത് കോഴ്സിൽ/കോളേജിൽ പ്രവേശനം നേടുന്നതിന് 2017 ജൂലൈ 14 വരെ സമയം അനുവദിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, ബന്ധപ്പെട്ട ഹയർ ഓപ്ഷനുകളും റദ്ദായിട്ടുണ്ട്. **എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ ഇതിനോടകം പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സിൽ/കോളേജിൽ പഠനം തുടരുന്നതിന് താൽപര്യമില്ലാത്തതുകൊണ്ടോ, മറ്റു കാരണങ്ങളാലോ അഡ്മിഷൻ റദ്ദ് ചെയ്യണമെന്നുണ്ടെങ്കിൽ അവർക്ക് പ്രവേശനം നേടിയ കോളേജുകളിൽ നിന്നും 2017 ജൂലൈ 19 ഉച്ചയ്ക്ക് 1 മണിയ്ക്കകം ടി.സി വാങ്ങാവുന്നതാണ്.** ഇങ്ങനെ അഡ്മിഷൻ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളുടെ ബന്ധപ്പെട്ട ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. ഇവർക്ക് അടച്ച ഫീസ് തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. അഡ്മിഷൻ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്പപ്പോൾ കോളേജ് അധികൃതർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) വഴി പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. അഡ്മിഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

2017 ജൂലൈ 20–ന് പ്രസിദ്ധീകരിക്കുന്ന മൂന്നാം ഘട്ട അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കും എല്ലാ സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്കുമുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പ്രസ്തുത കോളേജുകളിൽ/കോഴ്സുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (c) പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ ഇവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം തിരികെ നൽകുന്നതല്ല. ആയതിനാൽ മൂന്നാം ഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയതിനുശേഷം ആവശ്യമുള്ള ഹയർ ഓപ്ഷനുകൾ മാത്രം നിലനിർത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്. ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം അവയിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ചാൽ അത് സ്വീകരിക്കാൻ ബാധ്യസ്ഥരായിരിക്കും.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം **പ്രവേശന പരീക്ഷാ കമ്മീഷണർ**

17.07.2017